## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4334 — 22/07/2015 ൽ മറുപടിക്ക്

### പി. എസ്. സി. പരീക്ഷകളിൽ അത്യാധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗം

**ചോദ്യം :**

**ശ്രീ. കെ. എസ്. ശബരീനാഥൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. കെ. മുരളീധരൻ**
**ശ്രീ. എ. റ്റി. ജോർജ്**

(എ) പി.എസ്. സി നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിനും വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) ഇതിനായി അത്യാധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ?

**ഉത്തരം :**

**ശ്രീ. ഉമ്മൻചാണ്ടി**
**മുഖ്യമന്ത്രി**

(എ) യും (ബി) യും (സി) യും

പരീക്ഷകളുടെ മൂല്യനിർണ്ണയം കുറ്റമറ്റതാക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി പരീക്ഷകൾ OMR രീതിയിൽ നടത്തുകയും, മൂല്യനിർണ്ണയത്തിനായി ആധുനിക OMR Scanner ഉപയോഗിക്കുകയും ചെയ്തുവരുന്നു. പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം, റാങ്ക് പട്ടിക പ്രസിദ്ധീകരിക്കൽ എന്നിവ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് Online പരീക്ഷാ രീതിയും ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട എന്നിവിടങ്ങളിൽ Online പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ Online പരീക്ഷാ കേന്ദ്ര നിർമ്മാണം പുരോഗിക്കുകയാണ്.

സെക്ഷൻ ഓഫീസർ